ഉത്തരം

(എ & ബി) നടപടി സ്വീകരിച്ചിട്ടില്ല. ഹെഡ് കോൺസ്റ്റബിൾ ബാലകൃഷ്ണൻ ബഹു. കേരള ഹൈക്കോടതി മുൻപാകെ കേസന്വേഷണത്തിൽ ക്രമകേടുകൾ ഉണ്ടായിരുന്നതായി ആരോപിച്ച് ക്രിമിനൽ എം. സി. ഫയൽ ചെയ്തിട്ടുണ്ട്.

(സി) ഇല്ല

(ഡി) 4-2-2000-ൽ പ്രസ്തുത കേസ്സുകളുടെ ഫൈനൽ റിപ്പോർട്ടുകൾ കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) പരാതി ലഭിച്ചിട്ടുണ്ട്.

(ജി) പരാതിയിൽമേൽ തീർപ്പ് കൽപ്പിച്ചിട്ടില്ല. അതുകൊണ്ട് ഇപ്പോൾ ചോദ്യം ഉദിക്കുന്നില്ല.

കണ്ണൂരിൽ നടന്ന ബോംബ് സ്ഫോടനങ്ങൾ

70 (3260) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ നിയമസഭാ സമ്മേളനം ആരംഭിച്ച ശേഷം കണ്ണൂരിൽ എവിടെയെല്ലാം ബോംബുസ്ഫോടനമുണ്ടായിട്ടുണ്ട് ;

(ബി) ഈ സ്ഫോടനങ്ങളിൽ ആർക്കെല്ലാം പരിക്കുപറ്റിയിട്ടുണ്ട് ;

(സി) തലശ്ശേരിക്കടുത്ത് പുല്ലായിതോട്ടിലെ തയ്യുള്ളതിൽ ചന്ദ്രന്റെ രണ്ടു മക്കൾക്ക് 10-3-2000-ൽ ബോംബ് സ്ഫോടനത്തിൽ പരിക്കേൽക്കുകയുണ്ടായോ ;

(ഡി) ഈ കുട്ടികളുടെ പിതാവ് ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുടെ ഏതെങ്കിലും തലത്തിലെ ഭാരവാഹിയാണോ ;

(ഇ) എങ്കിൽ ഏത് കക്ഷിയുടെ ഏത് തലത്തിലുള്ള എന്തു ഭാരവാഹിയെന്ന് പറയുമോ ;

(എഫ്) ഇത് സംബന്ധിച്ച് കേസ്സെടുത്തിട്ടുണ്ടോ, ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ജി) ഇവിടെ സ്ഫോടനമുണ്ടായതെങ്ങനെയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ഠൗൺ പോലീസ് സ്റ്റേഷൻ അതിർത്തിയിലെ താവക്കര എന്ന സ്ഥലത്തും കൊളവല്ലൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിലെ സെൻട്രൽ പോയലൂരിൽ പുല്ലായിത്തോട് എന്ന സ്ഥലത്തും ഓരോ സ്ഫോടനം ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർ ഠൗൺ പോലീസ് സ്റ്റേഷൻ അതിർത്തിയിലുണ്ടായ (താവക്കര) സ്ഫോടനത്തിൽ യോഗാനന്ദ് എന്നയാൾക്കും, കൊളവല്ലൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിലുണ്ടായ (പുല്ലായിത്തോട്) സ്ഫോടനത്തിൽ ഷിബിൻ, ഷിജിൻ എന്നീ രണ്ട് കുട്ടികൾക്കും പരിക്ക് പറ്റിയിട്ടുണ്ട്.

(സി) പരിക്കേൽക്കുകയുണ്ടായി

(ഡി & ഇ) സി. പി. ഐ. (എം) പ്രവർത്തകനാണെന്നറിയുന്നു.

(എഫ്) ഇത് സംബന്ധിച്ച് കൊളവല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം 26/2000 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ തിരിച്ചറിയാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ജി) അന്വേഷണം നടന്നു വരുന്നു.

യു. എൻ. ദൗത്യത്തിന് നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ

71 (3261) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിലെ ഉദ്യോഗസ്ഥരെ വിദേശ രാജ്യങ്ങളിൽ ഐക്യരാഷ്ട്ര സംഘടനയുടെ കീഴിൽ ക്രമസമാധാന പാലനത്തിന് അയച്ചിട്ടുണ്ടോ ; എങ്കിൽ ആരെയെല്ലാം ;

(ബി) ഇതിനായി തെരഞ്ഞെടുത്തിട്ടുള്ള ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും എതിരെ വിജിലൻസ് കേസ്സോ മറ്റ് ക്രിമിനൽ കേസ്സോ നിലവിലുണ്ടോ എങ്കിൽ ആർക്കെല്ലാം എതിരെ ; ഇവർക്കെതിരെ കേസ് ഉള്ള കാര്യം ദൗത്യത്തിന് ആളെ തെരഞ്ഞെടുക്കുന്നവരെ അറിയിച്ചിരിന്നുവോ ; ഇല്ലെങ്കിൽ കാരണം എന്ത് ?

(സി) കേസ് നിലവിലുള്ളവരെ ഇത്തരം ദൗത്യത്തിന് അയക്കുന്നത് ഉചിതമല്ലെന്ന കാര്യം സർക്കാരിന് ബോധ്യമുണ്ടോ ;

(ഡി) കേസ് ഉള്ളവരെ ഇതിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഈയിടെ കൊസോവ, ബോസ്നിയ എന്നിവിടങ്ങളിലേക്ക് അയച്ചവരുടെ വിവരം താഴെ ചേർക്കുന്നു.

1.	ശ്രീ. നിതിൻ അഗർവാൾ	ഐ.പി.എസ് (ബോസ്നിയ)
2.	ഷേക് ദർവേസ് സാഹിത്	ഐ.പി.എസ് (കൊസോവ)
3.	പി. സി. രാമചന്ദ്രൻ നായർ	സി.ഐ. (കൊസോവ)
4.	മൊഹമ്മദ് ബഷീർ	സി.ഐ. (കൊസോവ)
5.	ഷാജഹാൻ ഫിറോസ്	സി. ഐ. (കൊസോവ)
6.	വിജയൻ	സി.ഐ. (കൊസോവ)

LIBRARY ARCHIVES Kerala Legislative Assembly